"ഭരണഭാഷ-മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

കേരള സംസ്ഥാന കർഷക കടാശ്വാസ കമ്മീഷൻ - 2024-25 സാമ്പത്തിക വർഷത്തിൽ ശമ്പള ഇനത്തിൽ തുക അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കൃഷി (കൃഷി) വകുപ്പ്**

സ.ഉ.(സാധാ) നം.1014/2024/AGRI തീയതി,തിരുവനന്തപുരം, 29-10-2024

---

പരാമർശം:-
1. സ.ഉ (സാധാ) നം. 378/2024/കൃഷി തീയതി 22/04/2024.
2. സ.ഉ (സാധാ) നം. 559/2024/കൃഷി തീയതി 21/06/2024.
3. സ.ഉ (സാധാ) നം. 817/2024/കൃഷി തീയതി 04/09/2024.
4. കേരള സംസ്ഥാന കർഷക കടാശ്വാസ കമ്മീഷൻ സെക്രട്ടറിയുടെ 14/10/2024 തീയതിയിലെ എ-157/2023/കെ.എസ്.എഫ്.ഡി.ആർ.സി നമ്പർ കത്ത്.

**ഉത്തരവ്**

കേരള സംസ്ഥാന കർഷക കടാശ്വാസ കമ്മീഷന് 2024-25 സാമ്പത്തിക വർഷത്തിൽ 2401-00-104-86-(01)-31 [NP(V)] ശമ്പളയിനത്തിൽ 128.03 ലക്ഷം രൂപയും 2401-00-104-86(01)-36 ശമ്പളേതരയിനത്തിൽ 53.81 ലക്ഷം രൂപയും വകയിരുത്തിയിരുന്നു. പരാമർശം 1,2,3 ലെ സർക്കാർ ഉത്തരവുകൾ പ്രകാരം കടാശ്വാസ കമ്മീഷന് 2401-00-104-86-(01)-31 [NP(V)] ശീർഷകത്തിൽ നിന്ന് ശമ്പളയിനത്തിൽ 99 ലക്ഷം രൂപയും 2401-00-104-86(01)-36 (NP) ശീർഷകത്തിൽ നിന്ന് ശമ്പളേതര ഇനത്തിൽ 30 ലക്ഷം രൂപയും അനുവദിച്ച് ഉത്തരവായിരുന്നു.

2. കേരള സംസ്ഥാന കർഷക കടാശ്വാസ കമ്മീഷനിൽ ഒക്ടോബർ, നവമ്പർ മാസത്തിലെ ശമ്പള ഇനത്തിലെ ചെലവുകൾക്കായി 2024-25 വർഷത്തിലെ ബഡ്ജറ്റ് വിഹിതത്തിൽ നിന്നും 4-ാം ഗഡുവായി 29 ലക്ഷം രൂപയും ശമ്പളേതര ഇനത്തിൽ 12 ലക്ഷം രൂപയും അനുവദിക്കണമെന്നും 2024 ഡിസംബർ മാസം മുതൽ 2025 മാർച്ച് മാസം വരെയുള്ള ചെലവുകൾക്കായി ശമ്പള ഇനത്തിൽ 70 ലക്ഷം രൂപയും ശമ്പളേതര ഇനത്തിൽ 15 ലക്ഷം രൂപയും അധിക ധനാനുമതിയായി അനുവദിക്കണമെന്നും പ്രസ്തുത തുക കമ്മീഷന്റെ തിരുവനന്തപുരം ജില്ലാ ട്രഷറിയിലുള്ള STSB Account No. 701011400000151 ലേക്ക് മാറ്റി നൽകുന്നതിനുള്ള അനുമതിയും നൽകണമെന്ന് കടാശ്വാസ കമ്മീഷൻ സെക്രട്ടറി പരാമർശം 4 ലെ കത്ത് പ്രകാരം അഭ്യർത്ഥിച്ചിരിക്കുന്നു.

3. സർക്കാർ മേൽ വിഷയം വിശദമായി പരിശോധിച്ചു. കേരള സംസ്ഥാന കർഷക കടാശ്വാസ കമ്മീഷന് 2024-25 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതത്തിൽ നിന്നും ശമ്പള ഇനത്തിൽ (ഒക്ടോബർ, നവംബർ മാസങ്ങളിലെ ആവശ്യങ്ങൾക്കായി) 14.5 ലക്ഷം രൂപ 2401-00-104-86-01-31 NP ശീർഷകത്തിൽ നിന്നും 4-ാം ഗഡുവായി വിതരണം ചെയ്യുന്നതിനും, പ്രസ്തുത തുക കമ്മീഷന്റെ തിരുവനന്തപുരം ജില്ലാ ട്രഷറിയിലുള്ള STSB Account No. 701011400000151 ൽ നിക്ഷേപിക്കുന്നതിനും കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലതാകുമാരി.എം.ബി
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, തിരുവനന്തപുരം.

സെക്രട്ടറി, കേരള സംസ്ഥാന കർഷക കടാശ്വാസ കമ്മീഷൻ, വെൺപാലവട്ടം, ആനയറ പി.ഒ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ&ഇ), തിരുവനന്തപുരം.

ജില്ലാ ട്രഷറി ഓഫീസർ, ജില്ലാ ട്രഷറി, തിരുവനന്തപുരം.

ധനകാര്യ വകുപ്പ് (2761997/Agri-C1/63/2024-FIN തീയതി: 28/10/2024)

വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ).

സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Vineesh Kumar G
Date: 29-10-2024 13:33:47
സെക്ഷൻ ഓഫീസർ

പകർപ്പ്:ബഹു. കൃഷി വകുപ്പ് മന്ത്രിയുടെ പി.എസ്. ന്